# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 313**

***നമ്മുടെ അധികാരത്തിൽപെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

2018 ജൂൺ മാസം 10–ാം തീയതി പരിസ്ഥിതി ഞായറാഴ്ച്ചയായി നാം വേർതിരിച്ചിരിക്കുന്നു. ദൈവം നമുക്കു വിസ്മയകരമായ ഈ ലോകത്തെ തന്നു. മനുഷ്യ ആവശ്യങ്ങൾ തുടർന്നും നിറവേറ്റിക്കൊണ്ട് ലോകത്തെ സംരക്ഷിക്കുവാൻ സ്രഷ്ടാവിനോട് നമുക്കു കടപ്പാടുണ്ട്.

മനുഷ്യന്റെ അനിയന്ത്രിതമായ ഉപഭോഗ ത്വര നിമിത്തം ജീവന്റെ നിലനിൽപിനെ തന്നെ അപകടപ്പെടുത്ത തക്കവണ്ണം ദൈവം നമുക്ക് നൽകിയ ഈ ലോകം മാറികൊണ്ടിരിക്കുന്നു. ഇന്നിന്റെ മനുഷ്യാവശ്യങ്ങൾ നിറവേററുവാൻ പ്രകൃതിയെ നാം ചൂഷണം ചെയ്യുമ്പോൾ ഭാവി തലമുറകളുടെ നിലനിൽപ്പിനെ കൂടി നാം തീർച്ചയായും പരിഗണിക്കേണ്ടതുണ്ട്. എല്ലാ ജീവജാലങ്ങളും വളരുന്നതിനും നിലനിൽക്കുന്നതിനും ആവശ്യമായ പരിസ്ഥിതി നിലനിർത്തേണ്ടത് നവ പ്രേക്ഷിത വേലയാണെന്ന ദർശനം നാം ഉൾകൊള്ളണം.

അമിതമായ പ്ലാസ്റ്റിക് ഉപയോഗം ഇന്ന് ജീവന്റെ നിലനിൽപ്പിന് ഭീഷണിയായി ആഗോളപ്രശ്നമായി മാറിയിട്ടുണ്ട്. ലോകത്ത് പ്ലാസ്റ്റിക്കിന്റെ ഉൽപാദനം ഓരോ വർഷവും നമ്മെ ഭയപ്പെടുത്ത തക്കവണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇന്നത്തെ നിലയിൽ പോയാൽ 2050–ൽ പ്ലാസ്റ്റിക്കിന്റെ ഉൽപാദനം 400 മില്ല്യൻ ടണിന്റെ അടുത്ത് എത്തും. ഓരോ മിനിററിലും 5 ലക്ഷം കോടി മിനറൽ വാട്ടർ ബോട്ടിലുകൾ വിററഴിക്കപ്പെടുന്നു. ഏതാനും മിനിററുകൾ മാത്രം ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, കുപ്പികൾ എന്നിവ നശിക്കാൻ 400–ൽ അധികം വർഷം എടുക്കും. കത്തിച്ചു കളഞ്ഞാലും, കത്തിപോകാതെ ഭൂമിയിൽ കിടന്നാലും അതീവ അപകടകാരികളായ പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം നിയന്ത്രിക്കേണ്ടത് അനിവാര്യമായ ഒരു കാലീക പ്രശ്നമാണ്.

“പ്ലാസ്റ്റിക് രഹിതഭൂമി: ജീവന്റെ സ്ഥായിയായ നിലനിൽപിനുള്ള ദൈവീക ദർശനം” (Plastic free Earth: A divine vision towards the sustainability of creation) എന്നതാണ് സഭയുടെ പരിസ്ഥിതി കമ്മീഷൻ ഈ വർഷത്തെ ഇക്കോ ചിന്താ വിഷയമായി നിർദ്ദേശിച്ചിരിക്കുന്നത്. ഈ വിഷയത്തിന്റെ ഗൗരവം സഭാ ജനങ്ങളിലും സമൂഹത്തിലും എത്തിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങൾ നാം നടത്തേണ്ടതുണ്ട്. സഭയുടെയും സഭയുടെ വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ ഭദ്രാസന തലത്തിലും സെന്റർ തലത്തിലും ഇടവക തലത്തിലും ഇതിനാവശ്യമായ തുക ബഡ്ജററിൽ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ഈ പ്രപഞ്ചം സർവ്വ സൃഷ്ടിക്കും അധിവാസ യോഗ്യമായ രീതിയിൽ ആയിട്ടത്രെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. 145–ാം സങ്കീർത്തനം ഇപ്രകാരം നമ്മെ അനുസ്മരിപ്പിക്കുന്നു. “യഹോവ സർവ്വ സൃഷ്ടിക്കും നല്ലവനാകുന്നു. സർവ്വ സൃഷ്ടിയോടും അവന് കരുണ തോന്നുന്നു ” ( സങ്കീ. 145:9) . ഈ വാക്യമത്രെ Gustavo Gutierrez -നെ ആധുനീക വേദശാസ്ത്രത്തിന്റെ ശിൽപിയായി ഉയർത്തിയത്. വിമോചന പ്രത്യയ ശാസ്ത്രത്തിന്റെ അടിസ്ഥാനവും അതാണ്. ആകയാൽ നാം പാർക്കുന്ന ദേശം അശുദ്ധമാക്കരുത്. “അതുകൊണ്ട് ഞാൻ അധിവസിക്കുന്ന നിങ്ങളുടെ പാർപ്പിടമായ ദേശം അശുദ്ധമാക്കരുത്”. (സഖ്യ. 35-:34) ജീവന്റെ നിലനിൽപിനായിട്ടുള്ള ദൈവീക ഉദ്ദേശത്തിന്റെ നിർവ്വഹണത്തിനായി നമുക്ക് മുന്നിട്ട് ഇറങ്ങാം. പരിപാലനത്തിനായി നമ്മെ എൽപ്പിച്ച ഭൂമി സ്ഥായിയായി നിലനിർത്തേണ്ട ഉത്തരവാദിത്വം നിറവേററാനുള്ള ചരിത്ര നിയോഗത്തിൽ നമുക്ക് ഭാഗഭാക്കാകാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2018 മേയ് 1–ാം തീയതി

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത**

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No.313**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority***

We have set apart 10th of June 2018 as the Environment Sunday. God has given us this wonderful world, and we have an obligation to our Creator to preserve it in order to serve the needs of humanity.

The unbridled consumer appetite of human beings has come to threaten the very existence of life on earth. This world that God has given us is always changing. In order to meet the ever-increasing needs of man, nature is being exploited without considering the needs of future generations. It is a divine responsibility of humanity to facilitate harmonious life of all living species on this planet.

The extensive use of plastic has endagered life on earth and has become the world's burning issue. The use of plastic is increasing at an alarming rate. It is predicted that the use of plastic in 2050 would be close to 400 million tons. Each minute, 5 lakh crores of mineral water bottles are being sold. These bottles and plastic carry bags which are used for a few minutes and thrown away require more than 400 years to disintegrate. Plastic is so hazardous that it remains in the soil causing long term contamination. It is inevitable that we curtail use of plastic.

The Ecological Commission of the Mar Thoma Church has proposed the theme *"Plastic-free Earth: A divine vision towards the sustainability of creation,"* for this year. The subject is of utmost concern that we should endeavour to spread the message both within the Church and in the society at large. All the organizations of the Church should join ranks in making this concept fruitful. It is the duty of each Parish, Centre, and Diocese to include this in its budget and organise programs to make this event successful. The Earth is created for the co-existence of the whole creation. As the David praises through Psalm 145, "God is good to all creation; He has compassion on all He has made" (Ps. 145:9). This verse had inspired Gustavo Gutierrez in being the sculptor of Modern theology. It is also the foundation of the Liberation ideology. Hence we should not defile our earth in which we are called to live. "Defile not therefore the land which ye shall inhabit, where I dwell" (Numbers 35:34). This is God's doing. The well-being of the millions and millions of living species on this earth is man's responsibility. When this becomes a reality, we would have contributed towards creating history.

Grace be with you all.

Dated 1st May 2018 from Poolatheen, Tiruvalla

J. mmalabar.

**Dr. Joseph Mar Thoma Metropolitan**